## ദൈവത്തിന്റെ അതിരിന്റെ അളവിന് ഒത്തവണ്ണം നാം പരിമിതപ്പെടണം

**I. "അളവിനപ്പുറമല്ല, അളവിന്റെ ദൈവം ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ"**

- അപ്പൊസ്തലനായ പൗലൊസ് ധൈര്യശാലിയായിരുന്നു, എന്നാൽ അവൻ പരിധിയില്ലാതെ ധൈര്യപ്പെട്ടില്ല; അവൻ കർത്താവിന്റെ പരിമിതപ്പെടുത്തലിൻ കീഴിലായിരുന്നുവെന്ന് ഇത് കാണിക്കുന്നു
  - അവന്റെ പ്രശംസ, അളവിന്റെ ദൈവം, ഭരിക്കുന്നവനായ ദൈവം, അവന് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമായിരുന്നു
- 2 കൊരി 10:13-ലെ അതിർ എന്ന വാക്ക് അക്ഷരീയമായി ഒരു മരപ്പണിക്കാരന്റെ അളവുകോൽ പോലെയുള്ള "ഒരു അളവുകോൽ" എന്നാണ്
  - വാക്യം 13-ലെ അളവ് എന്ന വാക്ക് സൂചിപ്പിക്കുന്നത് ദൈവത്താൽ ഭരിക്കപ്പെടുന്നു എന്നാണ്; നമ്മുടെ വേലയ്ക്കും അനുഭവത്തിനും വേണ്ടി ദൈവം നമുക്ക് വളരെയധികം പകുത്തുനൽകിയിട്ടുണ്ട്
  - ഭരിക്കുകയും അളക്കുകയും ചെയ്യുന്ന ഒരുവനുണ്ട്—അളവിന്റെ ദൈവം, ഭരിക്കുന്നവനായ ദൈവം; അതിനാൽ, ദൈവത്തിന്റെ ഭരണത്തിന്റെയും, ദൈവത്തിന്റെ അളവിന്റെയും പരിധികൾക്കുള്ളിൽ നാം തങ്ങണം
- കർത്താവിന്റെ വേല വ്യാപിക്കണമെന്ന് നാം പ്രതീക്ഷിക്കുന്നുവെങ്കിലും, ദൈവത്തിന്റെ പരിമിതപ്പെടുത്തലിൻ കീഴിൽ ആയിരിക്കേണ്ടത് എങ്ങനെയാണെന്ന് നാം പഠിക്കണം
  - ആന്തരികമായി, സമാധാനമുണ്ടായിരിക്കുകയില്ല.
  - ബാഹ്യമായി, പരിതസ്ഥിതി അനുവദിക്കുന്നില്ല
- അപ്പൊസ്തലന്മാർ എപ്പോഴും ദൈവത്തിന്റെ അതിരിനൊത്തവണ്ണം നീങ്ങി; ദൈവം അവർക്ക് അളന്നുനൽകിയതൊക്കെയും അവരുടെ അധികാരപരിധിയായിത്തീർന്നു
- സഭാസേവനത്തിൽ, ദൈവം നമുക്ക് ഒരു നിശ്ചിത അളവ് മാത്രമേ അളന്നുതന്നിട്ടുള്ളൂ എന്നും നമ്മുടെ അളവിനപ്പുറം നാം നമ്മെത്തന്നെ വ്യാപിപ്പിക്കരുതെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്; നമ്മുടെ പരിമിതികൾ നാം അറിയേണ്ടതാവശ്യമാണ്

## ദൈവത്തിന്റെ അതിരിന്റെ അളവിന് ഒത്തവണ്ണം പരിമിതപ്പെടുകയും, ആരോഹണത്തിൽ അവനോടുകൂടെ നാം ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമേ ദൈവരാജ്യത്തിനായുള്ള ആത്മിക യുദ്ധത്തിൽ നമുക്ക് ഏർപ്പെടുവാൻ കഴിയൂ

**II. പുനരുത്ഥാനത്തിലുള്ള ഒരു പുതിയ സൃഷ്ടിയെന്ന നിലയിൽ ക്രിസ്തുവിന്റെ ആരോഹണത്തിൽ നാം അവനോടുകൂടെ ജീവിക്കുമ്പോൾ, ദൈവരാജ്യത്തിനായുള്ള ആത്മിക യുദ്ധത്തിൽ നാം ഏർപ്പെടുന്നു**

- ആരോഹണത്തിൽ നാം ക്രിസ്തുവിനോടുകൂടെ "സിംഹങ്ങളുടെ ഗുഹകളിൽനിന്നും / പുള്ളിപ്പുലികളുടെ പർവതങ്ങളിൽനിന്നും" നോക്കുന്നു
  - സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവതങ്ങളും സാത്താനും അവന്റെ കീഴിലുള്ളവരുമുള്ള സ്വർഗീയങ്ങളെ സൂചിപ്പിക്കുന്നു
  - വിജയം നേടികഴിഞ്ഞു, എന്നാൽ സാത്താനും അവന്റെ ദുഷ്ടശക്തികളും ഇപ്പോഴും സ്വർഗീയങ്ങളിലാണ്; നമ്മുടെ ജീവിതം ദുഷ്ടശക്തികൾക്കും വളരെ മുകളിൽ ആരോഹണത്തിൽ ആയിരിക്കണം
  - ഇവിടെ നാം കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും ശക്തിപ്പെടുന്നതിനാലും, ദൈവത്തിന്റെ സർവായുധവർഗം ധരിക്കുന്നതിനാലും സാത്താനോടും അവന്റെ അന്ധകാരശക്തിയോടും പോരാടുന്നു; ക്രിസ്തുവിന്റെ ആരോഹണത്തിൽ ജീവിക്കുന്നതിന്റെ യാഥാർഥ്യം ഇതാണ്
- സാത്താന്റെ ഹിതം ദൈവത്തിന്റെ ഹിതത്തിന് എതിരായി ഉറപ്പിച്ചിരിക്കുന്നതുകൊണ്ട് ആത്മിക യുദ്ധം അനിവാര്യമാണ്; നമ്മുടെ പോരാട്ടം സാത്താന്യ ഹിതത്തെ കീഴ്പെടുത്തുകയും ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തുകയും ചെയ്യുന്നതിനാണ്
- ആത്മിക യുദ്ധത്തിൽ ഏർപ്പെടുന്നതിന്, നാം ആരോഹണത്തിന്റെ സ്ഥാനം നിലനിർത്തണം
  - ആരോഹണത്തിന്റെ സ്ഥാനം യുദ്ധത്തിൽ നമ്മെ വിജയികളായിരിക്കുവാൻ ഇടയാക്കുന്നു, കാരണം ആരോഹണത്തിന്റെ സ്ഥാനത്തിൽ മാത്രമേ നമുക്ക് സ്വർഗീയ അധികാരം ഉണ്ടായിരിക്കുവാനും ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുന്നതിന് അധികാരത്തോടെ പ്രാർഥിക്കുവാനും കഴിയൂ
- ആത്മിക പോരാട്ടം ക്രിസ്തുവിന്റെ വിജയത്തെ അടിസ്ഥാനമാക്കിയാണ്; മരണത്തിലൂടെ കർത്താവായ യേശു പിശാചിനെ ഒന്നുമല്ലാതാക്കിക്കൊണ്ട് അവനെ നശിപ്പിച്ചു
- സാത്താന്യ അവ്യവസ്ഥ പിടിച്ചടക്കുവാനും ദിവ്യ വ്യവസ്ഥയിൽ ജയോത്സവം കൊണ്ടാടാനും നാം ആത്മിക യുദ്ധത്തിൽ ഏർപ്പെടുന്നു
- ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന ദിവ്യ കെട്ടിടത്തിനുവേണ്ടി നാം ആത്മിക യുദ്ധത്തിൽ ഏർപ്പെടേണ്ടതാവശ്യമാണ്; സഭയുടെ കെട്ടുപണി ഒരു യുദ്ധ സേവനമാണ്
- ആത്മിക യുദ്ധത്തിന്റെ ഉദ്ദേശ്യം ദൈവരാജ്യത്തെ കൊണ്ടുവരിക എന്നതാണ്

## ആത്യന്തികമായ പ്രതിഫലം—ഇപ്രകാരമുള്ളവരെ ക്രിസ്തു വിവാഹം കഴിക്കും

**III. തന്റെ വിവാഹദിവസത്തിൽ, വർഷങ്ങളായി ദൈവത്തിന്റെ ശത്രുവിനെതിരെ യുദ്ധം ചെയ്തുകൊണ്ടിരുന്നവരെ ക്രിസ്തു വിവാഹം കഴിക്കും; അതായത്, ദുഷ്ടനെ ജയിച്ചുകഴിഞ്ഞ ജയാളികളെ ക്രിസ്തു വിവാഹം കഴിക്കും**

- എതിർക്രിസ്തുവിനും അവന്റെ സൈന്യവും എതിരെ യുദ്ധം ചെയ്യുവാൻ ക്രിസ്തു വരുമ്പോൾ, അവൻ മനുഷ്യപുത്രനായി വരും; മനുഷ്യപുത്രനെന്ന നിലയിൽ, അവന് അവനോട് യോജിക്കുന്നതും അവനെ പൂർത്തിയാക്കുന്നതുമായ ഒരു നേരിണയെ ആവശ്യമായിരിക്കും; ഈ നേരിണയായിരിക്കും അവന്റെ മണവാട്ടി
- ക്രിസ്തുവിന്റെ മണവാട്ടിയായി സംരചിക്കുന്ന ജയാളികൾ ദൈവത്തിന്റെ എല്ലാ ശത്രുക്കൾക്കുമെതിരെ യുദ്ധം ചെയ്യുകയും അവരെ പരാജയപ്പെടുത്തുകയും ചെയ്യുന്നു
  - ജയാളികൾ വിനാശകരമായ അവ്യവസ്ഥ കീഴടക്കു കയും നിർമ്മാണാത്മകമായ ദിവ്യ വ്യവസ്ഥയിൽ വിജയം വരിക്കുകയും ചെയ്യുന്നു; ഇപ്പോഴത്തെ അവ്യവസ്ഥയിൽനിന്ന് വിടുവിക്കപ്പെടുന്നതിനുപകരം, സകലത്തിനും മതിയായ കൃപയായ പ്രക്രിയാവിധേയനും പരിണതി പ്രാപിച്ചവനുമായ ത്രിയേക ദൈവത്താൽ അവർ അവ്യവസ്ഥയെ കീഴടക്കുന്നു